നടപ്പിലാക്കിവരുന്നുണ്ട്. സന്ദർശകരെ ആകർഷിക്കുന്നതിനുവേണ്ടിയുള്ള പദ്ധതികളും ആസൂത്രണം ചെയ്തുവരുന്നു.

(ബി) ഇല്ല. മിഷൻ 676-ൽ "എല്ലാവർക്കും കുടിവെള്ളം" എന്ന ലക്ഷ്യം മുൻനിർത്തി ആവിഷ്കരിച്ചിട്ടുള്ള പദ്ധതികളാണ് ഉൾപ്പെടുത്തിയിട്ടുള്ളത്.

(സി) കഴിഞ്ഞ സർക്കാരിന്റെകാലത്ത് ടൂറിസം ഡെസ്റ്റിനേഷൻ പദ്ധതിയിൽ ഉൾപ്പെടുത്തി അംഗീകാരം ലഭിച്ച പൂന്തോട്ട നവീകരണവും നടപ്പാത നിർമ്മാണവും പൂർത്തീകരിച്ചു.

ശിരുവാണി ഡാമിലെ ഉദ്യോഗസ്ഥർ തൊഴിലുറപ്പു പദ്ധതിയുടെ തുക വകമാറ്റി ചെലവാക്കിയത്

164 (6869) ശ്രീ. കെ. വി. വിജയദാസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ശിരുവാണി ഡാമിലെ ഉദ്യോഗസ്ഥർ തൊഴിലുറപ്പു പദ്ധതിയുടെ തുക വകമാറ്റി ചെലവാക്കി ദുർവിനിയോഗം നടത്തിയെന്നുള്ള പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ഇതു സംബന്ധിച്ച് വകുപ്പുതല അന്വേഷണം നടത്തിയിട്ടുണ്ടോ ; ഉണ്ടെങ്കിൽ വിശദാംശം നൽകുമോ ; ഇല്ലെങ്കിൽ വകുപ്പുതല അന്വേഷണം നടത്തി നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) തൊഴിലുറപ്പു പദ്ധതിയുടെ ഏതെങ്കിലും ജോലികൾ ശിരുവാണി പദ്ധതി പ്രദേശത്ത് നടപ്പിലാക്കുവാൻ ജലസേചന വകുപ്പ് ആർക്കും അനുവാദം നൽകിയിട്ടില്ല. തൊഴിലുറപ്പിന്റെ ഫണ്ട് ശിരുവാണി പദ്ധതിയിലേക്ക് നൽകിയിട്ടുമില്ല. ആയതിനാൽ തൊഴിലുറപ്പു പദ്ധതിയുടെ തുകവകമാറ്റി വിനിയോഗിച്ചിട്ടില്ല.

(ബി) ബാധകമല്ല.

ഭൂഗർഭ ജല സംരക്ഷണം

165 (6870) ശ്രീ. എം. ഹംസ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ ഭൂഗർഭ ജലവിതാനം അപകടകരമാംവിധം താഴുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ഭൂഗർഭജലം പരിരക്ഷിക്കുന്നതിനും ആയതിന്റെ പുനഃസംഭരണത്തിനുമായി എന്തെല്ലാം സംവിധാനങ്ങളാണ് ഒരുക്കിയിട്ടുള്ളത് ; അതിനായി 2012-13, 2013-14 വർഷത്തിൽ എന്തു തുക വകയിരുത്തി ; എന്തു തുക ചെലവഴിച്ചു ; വിശദാംശം ലഭ്യമാക്കുമോ ;

LIBRARY ARCHIVES Kerala Legislative Assembly

(സി) ഭൂഗർഭജലം സംരക്ഷിക്കുന്നതിനും പരിപാലിക്കുന്നതിനുമായി ആധുനിക സാങ്കേതിക വിദ്യകൾ ഉപയോഗപ്പെടുത്തി എന്തെല്ലാം നടപടികൾ ആണ് സ്വീകരിച്ചിട്ടുള്ളത് എന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടില്ല. എന്നാൽ, സംസ്ഥാനത്തിന്റെ പല ഒറ്റപ്പെട്ട ഭാഗങ്ങളിൽ (ഉദാഹരണമായി പാലക്കാട് ജില്ലയിലെ പട്ടാമ്പി ബ്ലോക്ക്) ഭൂജല വിതാനം വളരെയധികം താഴുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) ഭൂജല സംപോഷണത്തിനായി കഴിഞ്ഞ കുറെ വർഷങ്ങളായി ഭൂജല സംരക്ഷണവും കൃത്രിമ ഭൂജല സംപോഷണവും എന്ന പദ്ധതി ഭൂജലവകുപ്പ് നടപ്പിലാക്കിവരുന്നുണ്ട്. ഈ പദ്ധതിയിൻകീഴിൽ ചെറിയ തടയണകൾ, ആർ.സി.ബി.കൾ, അടിയണകൾ, മഴക്കുഴികൾ എന്നിവയുടെ നിർമ്മാണവും തുറന്ന കിണറുകൾ വഴിയുള്ള കൃത്രിമ ഭൂജല സംപോഷണ പദ്ധതികളും ഭൂജലവകുപ്പ് നടപ്പിലാക്കിവരുന്നു. ഈ പദ്ധതിയിൻകീഴിൽ 2012-13 സാമ്പത്തിക വർഷത്തിൽ 50 ലക്ഷം രൂപ ബഡ്ജറ്റിൽ വകയിരുത്തുകയും 44.22 ലക്ഷം രൂപ ചെലവഴിക്കുകയും ചെയ്തു. 2012-13 സാമ്പത്തിക വർഷത്തിൽ 44 പദ്ധതികൾ പ്രാവർത്തികമാക്കുവാനും കഴിഞ്ഞിട്ടുണ്ട്. 2013-14 സാമ്പത്തിക വർഷത്തിൽ 60 ലക്ഷം രൂപ ബഡ്ജറ്റിൽ വകയിരുത്തുകയും 58.56 ലക്ഷം രൂപ ചെലവഴിക്കുകയും ചെയ്തിട്ടുണ്ട്. ഈ തുക ഉപയോഗിച്ച് 75 പദ്ധതികൾ പ്രാവർത്തികമാക്കാൻ കഴിഞ്ഞു.

(സി) ഭൂജല ശോഷണം ഉള്ള പ്രദേശങ്ങൾ തിട്ടപ്പെടുത്തുവാനായി ഗ്രൗണ്ട് വാട്ടർ എസ്റ്റിമേഷൻ കമ്മിറ്റി റിപ്പോർട്ടിനെയാണ് അടിസ്ഥാനമാക്കുന്നത്. ഈ റിപ്പോർട്ട് തയ്യാറാക്കുന്നത് ജി.ഡബ്ല്യു.ഡി.ഇ.എസ്., മാപ് ഇൻഫോ, വെർട്ടിക്കൽ മാപ്പർ, ആർക്കിൻ ഫോ തുടങ്ങിയ ആധുനിക സോഫ്റ്റ് വെയറുകളുടെ സഹായത്തോടെയാണ്. ഈ സോഫ്റ്റ് വെയറുകൾ ഉപയോഗിച്ച് സംസ്ഥാനത്തെ ഭൂജല സമ്പത്തിനെയും ഭൂജല ഉപയോഗത്തിന്റെയും മറ്റും അളവ് തിട്ടപ്പെടുത്തി ആവശ്യമായ പ്രദേശങ്ങളിൽ നിയന്ത്രണങ്ങൾ നടപ്പിലാക്കാൻ ഭൂജല വകുപ്പിന് സാധിക്കുന്നുണ്ട്. കൂടാതെ ലോകബാങ്ക് സഹായത്തോടെ നടപ്പിലാക്കുന്ന ഹൈഡ്രോളജി പ്രോജക്ടിൻ കീഴിൽ വികസിപ്പിച്ചെടുത്ത ഡിസിഷൻ സപ്പോർട്ട് സിസ്റ്റം (ഡി) സോഫ്റ്റ് വെയർ ഉപയോഗിച്ച് തടയണകളുടെ സ്ഥാനവും സംഭരിക്കുന്ന ജലത്തിന്റെ അളവും വ്യാപ്തിയും മറ്റും നിർമ്മാണത്തിന് മുമ്പുതന്നെ നിർണ്ണയിക്കുവാൻ സാധിക്കുന്നു.

കൊല്ലം ജില്ലയിലെ സെൻട്രൽ വർക്ക് ഷോപ്പ്

166 (6871) ശ്രീ. ഇ. ചന്ദ്രശേഖരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഭൂജലവകുപ്പിന്റെ കീഴിൽ കൊല്ലം ജില്ലയിലെ സെൻട്രൽ വർക്ക്ഷോപ്പ് നിലനിർത്തുന്നതിന്റെ ഉദ്ദേശ്യമെന്തെന്ന് വ്യക്തമാക്കുമോ ;

LIBRARY ARCHIVES Kerala Legislative Assembly